മ്യാവൂ മ്യാവൂ

രാഹുൽ ഗോവിന്ദ്

മ്യാവൂ മ്യാവൂ
രാഹുൽ ഗോവിന്ദ്
(മലയാളം: കവിതകൾ)

© 2021, Rahul Govind

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Cat with Kittens, a painting by Henriëtte Ronner-Knip (1821–1909). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 മ്യാവൂ മ്യാവൂ 4

2 ക്ലൂണകൾ 5

3 തിരുവനന്തപുരം നോർത്ത് 6

4 നാടൻപാട്ട്–2 7

1

മ്യാവൂ മ്യാവൂ

പണ്ടുപണ്ട് ഈജിപ്റ്റിൽ,
ഉത്തരവിറക്കിയും ആളുകളെ
തൂക്കിലേറ്റിയും മടുത്തപ്പോൾ
മരിച്ചുപോയ ഏതോ ഫറോവിന്റെ
കല്ലറേലങ്ങേരടെ പരിവാരങ്ങളും പടയാളികളും
പൂക്കൾക്കും പടക്കോപ്പുകൾക്കും
പലഹാരങ്ങൾക്കുമൊപ്പം കുറച്ച്
പൂച്ചകളെകൂടി കൊണ്ടിട്ടു,

ഇരുട്ടിനുമില്ലായ്മയ്ക്കുമിടയിലവറ്റക-
ളേറെക്കാലം തമ്മിൽ കൊന്നും
തിന്നും നിലനിന്നു,

നൂറ്റാണ്ടുകൾക്കിപ്പുറം
പുരാവസ്തു ഗവേഷണമെന്നൊക്കെ
ഓമനപേരുള്ള ഒരിംഗ്ളണ്ടുകാരൻ
സായിപ്പാക്കല്ലറകൾ കൈറോവിൽ
ചെന്ന് കുത്തിത്തുറന്നപ്പോൾ,
അതിജീവനത്തിന്റെ
അപകടകരമായ നഖങ്ങൾ
മാന്തിക്കീറിയതേ വിടവുകൾ
മ്യാവൂ മ്യാവൂ എന്നയാളുടെ
തലയിലേക്കിടിഞ്ഞുവീണു.

2

ക്രൂരകൾ

താല്പര്യപ്പെട്ട പാട്ടുകാര(നാ)നുമാ-
യലച്ചിലാണ്,

തെരുവാകെ,
വഴിയാകെ,
ലഹരിപ്പുറത്ത്...

തെരുവ് കടന്ന്
വെളിച്ചം കടന്ന്
ലഹരിപ്പുറത്ത്.
പാട്ടുമാത്രം ചുവടു
തെറ്റാതെയുലയാതെ,

രണ്ട്

കിറുക്കൻ ചിലപ്പൊ
എവിടേലും നിക്കും,
വിളിച്ചുകൂവും,
തുള്ളിച്ചാടും,

ഇലടിക്ക് പോസ്റ്റിൽ
ചാരിയുറങ്ങും,

ബീഡി വലിക്കും
മരച്ചോട്ടിൽ
പെടുക്കും,

തെറിയോടുതെറി
പറയും,
ഉറഞ്ഞുതുള്ളും,
കൂനി(യുറങ്ങും)യിരിക്കും...

വഴിക്കെവിടെവെച്ചോ
എല്ലാവർക്കും
നഷ്ടപ്പെട്ട എന്തൊക്കെയോയാ-
ണയാളെന്ന്,
നഗരത്തിനാകെ,
ഞങ്ങൾക്കാകെ,
തോന്നുകയാണ്...

പാടിപ്പാടി
പാട്ടിന്നിടയിൽ
പെട്ടന്നയാൾ
വിറയ്ക്കാൻ തുടങ്ങുന്നു,
വിറച്ചുവിറച്ച്
പാർക്കിലെ മരങ്ങളുമായിച്ചേർന്ന്
ഡിസംബറിനെ
കളിയാക്കുന്നു,

ചിരിച്ചുചിരിച്ചൊടുക്കമെങ്ങേരടെ
നാല്പ് പല്ലിളകിപ്പോകുന്നു,

ഇലകളെന്നപോൽ...

3

തിരുവനന്തപുരം നോർത്ത്



നഗരത്തിലെ ആശുപത്രിയിൽ

മൂന്നു ദിവസം കിടന്നു...

കെട്ടഴിച്ചുവിട്ടപ്പോൾ

മുറിവിലെക്കൊരു കാറ്റ്

കയറിയിരുന്നു.

ആശുപത്രിയിലെ അവസാനദിവസം

ആരുടെയൊക്കെയോ

കണ്ണുവെട്ടിച്ച്,

307-നമ്പർ മുറിയിലെ

കിളവനൊരു സലാം കൊടുത്ത്,

വാതിലും, വാച്ച്മാനും കടന്നൊരു

സ്വപ്നം ബൈക്കിൽ, മഴയിൽ

ദേശീയപാതയിലൂടെ

പ്രകാശവേഗത്തിൽ

ഇരുട്ടിലേക്ക് ഓടിച്ചുപോയി.

II

കാശടച്ചിറങ്ങിനടന്നു...

കടൽത്തീരത്തും,
മരണവീട്ടിലും
കറങ്ങി.

പരസ്യമായി മൂത്രമൊഴിക്കുന്ന
ഒരു പെൺകുട്ടിയ കണ്ടു, (കൊതിച്ചു)

നാലു നായ, രണ്ടാൽമരങ്ങൾ,
അഗ്നിശമനസേന, കത്തിപ്പോയ പലഹാരക്കട,

ട്രാഫിക് ജാം... കാക്കക്കൂട്ടം

മഴയില്ല.

ഒന്നമർത്തിയലറിയാൽ
കൊള്ളാമെന്നുണ്ടായിരുന്നു,

അലറിയില്ല,

അലറിയേനെ,

കൂട്ടത്തിൽ നിൽക്കുമ്പോഴും
കുമുകുമാന്നു കമത്തുമ്പോഴും മാത്രമാണ്
ഞാനൊരു ധൈര്യശാലി ആകുന്നതെന്ന്
കൂട്ടുകാർ പറഞ്ഞേക്കും.

അത് ശരിയല്ല,

തൊണ്ടവേദനയായിരുന്നു...

അലറിയില്ല.

വൈകിട്ട് തലയിൽ എണ്ണ തേക്കണമെന്നും,
പച്ചയ്ക്ക് കണ്ടമാനം പഴത്തമാങ്ങ
തിന്നണമെന്നും സ്വയംഭോഗം
ചെയ്യണമെന്നുമെല്ലാം
വിചാരിച്ചു.

(ഹാ,

ഓരോരോ വിചാരങ്ങൾ)

പരിചയമുള്ള ഒരുത്തനിന്നലെ പിരിഞ്ഞു.

അതാണ് മരണവീട്.

തുറമുഖത്തിനടുത്തുള്ള പഴയ കാമുകിയുടെ
വീട്ടിൽ കള്ളൻ കേറി.

അതാണ് കടൽത്തീരം.

ഏതോ ചെവികളെക്കുറിച്ചോർത്തു.

ഉറങ്ങിപ്പോയി...

4

നാടൻപാട്ട്—2

മട്ടാഞ്ചേരിയിലെ
കാപ്പിക്കടയ്ക്കപുറത്ത്
ഗിത്താർ വായിക്കുന്നവന്റെ
താടിക്കു തീപിടിച്ചല്ലോ...

മൂക്കിന്റെ പാലം
കടക്കണ
പേനുകൾമൊത്തം
വെന്തുമരിച്ചല്ലോ,

പാതിജീവനുംകൊണ്ടതിയാന്റെ
പല്ലുപുളിപ്പിച്ചു പായുന്നവയുടെ
പേരീയിരുട്ടത്ത്
മിന്നാമിനുങ്ങുകളെന്നാണല്ലോ...

□

രാഹുൽ ഗോവിന്ദ്

നാട്ട് ആലപ്പുഴ. കേരള മീഡിയ അക്കാഡമി, എൻ. എസ്. എസ്. കോളേജ്, ചങ്ങാനാശ്ശേരി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. മാതൃഭൂമിയിൽ ജോലിചെയ്യുന്നു.

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014